# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer’s Welfare Department**

**GOVERNMENT OF KERALA**

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 30/12/2021

1. കേരളത്തിലെ കാർഷിക രംഗത്തെ കാർബൺ തൂലിതാ കാർഷിക മേഖലയാക്കി മാറ്റുന്നതിന്റെ മുന്നോടിയായി ഈ മാസം 30, 31 (ഡിസംബർ 30,31) തീയതികളിൽ **ആനയറ സമേതി**യിൽ വച്ച് രാവിലെ 9 മണി മുതൽ **കാർബൺ തൂലിതാ കാർഷിക മേഖല** എന്ന വിഷയത്തിൽ ദ്വിദിന ശിൽപശാല സംഘടിപ്പിക്കുന്നു. ഇതിന്റെ ഉദ്ഘാടനം ഇന്ന് (ഡിസംബർ 30-ന്) രാവിലെ 10 മണിക്ക് കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ് നിർവഹിക്കും.

2. ക്രിസ്തുമസ്-പുതുവത്സര സീസൺ കണക്കിലെടുത്ത് കൃഷിവകുപ്പിന് കീഴിലുള്ള വിപണികളെല്ലാം 22.12.2021 മുതൽ ജനുവരി 1 വരെ ക്രിസ്മസ് വിപണികളായി പ്രവർത്തിക്കുന്നതാണ്.

3. കാർഷിക മേഖലയുടെ സുസ്ഥിര വികസനത്തിന് സഹായകരമായ സാങ്കേതിക വിദ്യകൾ കർഷകരിലേക്ക് നേരിട്ട് എത്തിക്കുക വഴി കാർഷികോൽപാദനവും വാർഷിക വരുമാനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വയനാട് കൃഷി വിജ്ഞാന കേന്ദ്രവും ആത്മ വയനാടും ഡിസംബർ 31 വരെ സംഘടിപ്പിച്ചിരിക്കുന്ന സാങ്കേതിക വിദ്യാവാരം **'പ്രതീക്ഷ 2021'** -ൽ ഇന്ന് (30.12.2021) രാവിലെ 11 മണിക്ക് **'മൃഗസംരക്ഷണ മേഖലയിലെ സംരംഭകത്വ സാദ്ധ്യതകളും വെല്ലുവിളികളും'** എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാറും **മത്സ്യ കൃഷിയിലെ സംരംഭകത്വ സാദ്ധ്യതകൾ, പ്രതിസന്ധികൾ, പ്രതിവിധികൾ** എന്ന വിഷയത്തിൽ ക്ലാസ്സും ഉണ്ടായിരിക്കും. തുടർന്ന് ഉച്ചയ്ക്ക് 2 മണി മുതൽ **അനിമൽ ഹെൽത്ത് ക്ലിനിക്ക്** ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **04936 260411** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. കാർഷിക മേഖലയിൽ ജോലി ചെയ്യുന്ന അസംഘടിത തൊഴിലാളികൾ ഡിസംബർ 31 നു മുൻപായി www.eshram.gov.in എന്ന വെബ് പോർട്ടലിലൂടെ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇപ്രകാരം രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികൾക്ക് ഏകീകൃത തിരിച്ചറിയൽ കാർഡും ലഭിക്കുന്നതാണ്.

5. പൗൾട്രി വികസന കോർപ്പറേഷന്റെ കൊട്ടിയം ഫാമിൽ നിന്നും ഒരു ദിവസം പ്രായമായ **ഗ്രാമശ്രീ** ഇനത്തിൽപ്പെട്ട പൂവൻകോഴിക്കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക്

**949500092** എന്ന നമ്പരിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക.

6. പച്ചക്കറികൃഷിയിൽ സ്വയം പര്യാപതത കൈവരിക്കുവാനും, വീട്ടുവളപ്പിലെ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി കൃഷി വകുപ്പ് **'ഞാനും കൃഷിയിലേക്ക്'** എന്ന കാമ്പയിൻ 2022 ജനുവരി ഒന്നാം തീയതി മുതൽ ആരംഭിക്കുകയാണ്. കാമ്പയിന്റെ ഭാഗമായി കേരള കാർഷിക സർവകലാശാലയുടെ വിജ്ഞാന വ്യാപന ഡയറക്ടറേറ്റ് ഒരു വിജ്ഞാന വ്യാപന വിപണന മേള സംഘടിപ്പിക്കുന്നു. പച്ചക്കറികൃഷി ഓരോ കുടുംബത്തിന്റെയും ഉത്തരവാദിത്വമാണ് എന്ന ഓർമപ്പെടുത്തലാണ് ഈ വിപണന മേളയുടെ ഉദ്ദേശ്യലക്ഷ്യം . മേള 2022 ജനുവരി 1 മുതൽ 3 വരെ രാവിലെ 10 മുതൽ വൈകീട്ട് 9 മണി വരെ പ്രവർത്തന സജ്ജമായിരിക്കും. ജനുവരി 2 ഞായറാഴ്ചയും തുറന്ന് പ്രവർത്തിക്കുന്നതായിരിക്കും. മൂവായിരത്തോളം പച്ചക്കറി വിത്ത് പാക്കറ്റുകൾ സൗജന്യമായി പൊതുജനങ്ങൾക്കും, കർഷകർക്കും ഈ ദിവസങ്ങളിൽ വിതരണം ചെയ്യുന്നതായിരിക്കും. കൂടാതെ മേളയുടെ ഭാഗമായി മണ്ണുത്തിയിലുള്ള പ്രദർശനത്തോട്ടം കാണുന്നതോടൊപ്പം മറ്റ് വിത്തുകൾ, നടീൽ വസ്തുക്കൾ, അലങ്കാര ചെടികൾ, മൂല്യ വർധിത ഉല്പന്നങ്ങൾ, ജൈവനിവേശങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള സൗകര്യവും ഉണ്ടായിരിക്കുന്നതാണ്.

7. ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയും സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനും ചേർന്ന് നടത്തുന്ന ആറു മാസത്തെ കോഴ്സായ **സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പൗൾട്രി ഫാമിംഗ്** 2022 ജനുവരി ബാച്ചിലെ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സമർപ്പിക്കാനുള്ള കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത 8-ാം ക്ലാസ് ആണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 31 ആണ്. https://onlineadmission.ignou.ac.in/admission/ എന്ന ലിങ്ക് വഴി ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9495000930, 9400608493 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

8. വെള്ളാനിക്കര ഹോർട്ടികൾച്ചർ കോളേജിലെ ജൈകീടരോഗ നിയന്ത്രണ വിഭാഗത്തിലും മണ്ണുത്തി യൂണിവേഴ്സിറ്റി വിൽപ്പന കേന്ദ്രത്തിലും കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിലും പച്ചക്കറി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

വിളകളിൽ മീലിമുട്ടകൾ, ശൽക്കകീടങ്ങൾ എന്നിവയെ നിയന്ത്രിക്കാനുള്ള **വെർട്ടിസീലിയം**, ഇലതീനി പുഴുക്കൾക്കെതിരെയുള്ള **ബ്യൂവേറിയ ബാസിയാന**, ചിതൽ, വേരുതീനി പുഴുക്കൾ എന്നിവയ്ക്കെതിരെയുള്ള **മെറ്റാറൈസിയം** എന്നിവ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0487 – 2370540** (മണ്ണുത്തി യൂണിവേഴ്സിറ്റി വിൽപ്പന കേന്ദ്രം), **0487-2699087** (കണ്ണാറ വാഴ ഗവേഷണ കേന്ദ്രം) എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

9. കേരള ഹോർട്ടികോർപ്പിന്റെ ആഭിമുഖ്യത്തിൽ തൃശൂർ ജില്ലയിലെ മൂളളൂക്കര കൃഷിഭവനിലും അളഗപ്പ കൃഷിഭവനിലും **ജനുവരി 3,4** തീയതികളിൽ രണ്ട് ദിവസത്തെ **തേനീച്ച വളർത്തൽ** പരിശീലന ക്യാമ്പ് സംഘടിപ്പിക്കുന്നു. പരിശീലന ക്യാമ്പിൽ 40 കർഷകർക്ക് പങ്കെടുക്കാം. പങ്കെടുക്കുന്ന കർഷകർക്കു ഹോർട്ടികോർപ്പ് സർട്ടിഫിക്കറ്റ്, സബ്സിഡി നിരക്കിൽ തേനീച്ച കോളനികൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കും. രണ്ടു ദിവസത്തെ തുടർ ഫീൽഡ്തല പരിശീലനവും, 3 ദിവസത്തെ തേനധിഷ്ഠിത ഉത്പന്ന നിർമ്മാണ പരിശീലനവും, ഖാദി ബോർഡിൽ നിന്നും സംരംഭകത്വ സബ്സിഡിയും താൽപര്യമുള്ള കർഷകർക്ക് ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9447910989** എന്ന നമ്പരിൽ ബന്ധപ്പെടുക.

10. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർകൃഷിയിൽ **ജനുവരി** 03 **മുതൽ** 05 വരെ പരിശീലനം നൽകുന്നു. കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വെച്ചു നടക്കുന്ന പരിശീലനത്തിൽ നൂതനനടീൽവസ്തുക്കൾ, നടീൽരീതികൾ, വളപ്രയോഗശുപാർശകൾ, കീട-രോഗനിയന്ത്രണം, ടാപ്പിങ് തുടങ്ങിയ വിഷയങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പറിലോ **7994650941** എന്ന വാട്ട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇമെയിൽ വിലാത്തിലോ ബന്ധപ്പെടുക.